# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.17/174/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.17/174/23 തീയ്യതി: 08/03/2023

## മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-11-2021 മുതൽ 15-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ പി., ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് ഫാറൂഖ്.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.യൂസഫ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുജിത.പി കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശാലിനി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രസാദ് പി | സെക്രട്ടറി | 01-04-2021 | 07-07-2021 |
| ശ്രീ. സുമേഷ് കെ | സെക്രട്ടറി | 08-07-2021 | 28-09-2021 |
| ശ്രീ. അബ്ബാസ് പി പി | സെക്രട്ടറി | 29-09-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീനിവാസൻ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. സിന്ധു പി.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. അശ്വതി വിജയൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. ദിവ്യ എം പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഡോ. സമീറ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. മുബാറക്ക് നദീർ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.രശ്മി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ഡിസ് പി.പി | വെറ്ററിനറി സർജൻ | 01-04-2021 | 20-12-2021 |
| ഡോ. പ്രേമകൃഷ്ണൻ | വെറ്ററിനറി സർജൻ | 21-12-2021 | 31-03-2022 |
| ശ്രീമതി. മുംതാസ് ബീഗം | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 09-12-2021 |
| ശ്രീമതി. മാധുരി | ഹെഡ്മിസ്ട്രസ്സ് | 10-12-2021 | 31-03-2022 |
| ശ്രീമതി. ഷഹനില പി.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജിത്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റംലത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 05-11-2021 |
| ശ്രീമതി. ആതിര സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2021 | 14-11-2021 |
| ശ്രീമതി.ചിത്രലത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-12 |
| 14 | കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു | 1-13 |
| 15 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷനു ശേഷവും വിതരണം നടത്തി | 1-14 |
| 16 | പഞ്ഞൻപടി- ഹനുമാൻകാവ് റോഡ് - നബാർഡ് പ്രവൃത്തിക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും സൂപ്പർ വിഷൻചാർജ് -35400 രൂപ നൽകിയത്-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വിതരണം- മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-16 |
| 18 | പഞ്ചായത്ത് ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് - മുഴുവൻ തുകയും തിരിച്ചടച്ചതായി കാണുന്നില്ല. | 1-17 |
| 19 | ഫെസ്റ്റിവൽ അഡ്വാൻസ് - മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയ കണക്കും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടാത്തത്. | 1-18 |
| 20 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - പൂർത്തീകരണ- വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്. | 1-19 |
| 21 | ജി.എസ്.ടി.-TDS ഈടാക്കിയില്ല. | 1-20 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 23 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി - നഷ്ടം 9498 രൂപ | 1-22 |
| 24 | ഒട്ടുംപുറം ടോയിലറ്റ് നിർമ്മാണം (Take A Break) - അപാകത | 1-23 |
| 25 | സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 9149 രൂപ | 1-24 |

| | | |
|---|---|---|
| 26 | പറപ്പേരി BEMUP സ്കൂൾ ടോയിലറ്റ് നിർമ്മാണം (Take A Break) - അപാകത | 1-25 |
| 27 | Capital Work In Progress എന്ന ഹെഡിൽ തെറ്റായി ചെലവുകൾ രേഖപ്പെടുത്തുന്നു | 1-26 |
| 28 | കണക്കിൽ ഉൾപ്പെടുത്താത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-27 |
| 29 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല | 1-28 |
| 30 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുൻകൂർ നൽകിയത് സംബന്ധിച്ച് | 1-29 |
| 31 | ഹരിത കർമ്മസേന - പ്രവർത്തനാവലോകനം | 1-30 |
| 32 | നിർവഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല | 1-31 |
| 33 | ഓഡിറ്റ് റിപ്പോർട്ടിൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-32 |
| 34 | ന്യൂട്രീമിക്സിന് അധികത്തുക നൽകി | 1-33 |
| 35 | ജി.എസ്.ടി.-TDS ഈടാക്കിയില്ല. | 1-34 |
| 36 | മരുന്ന് ലഭ്യമായിട്ടില്ല | 1-35 |
| 37 | പി.എച്ച്.സിയിലേയ്ക്ക് ഇൻവെർട്ടർ വാങ്ങൽ -ടെണ്ടർ നടപടി വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി - നഷ്ടം 9498 രൂപ | 3-1 |
| 2 | സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 9149 രൂപ | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രൊജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1(1) തീയതി-22.02.2021 | പുതുക്കിയിട്ടില്ല |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 18.08.2022 | --- | ----- |

കുറിപ്പ്-നിശ്ചിത സമയപരിധിക്കകം വാർഷികകണക്ക് സമർപ്പിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17589746 |
| വരവ് | 115457470 |
| ആകെ | 133047216 |
| ചെലവ് | 101435898 |
| നീക്കിയിരിപ്പ് | 31611318 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21364800 | 21364800 | 19360231 | 2004569 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4852000 | 4852000 | 4789206 | 62794 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17187000 | 17187000 | 16764317 | 422683 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7597276 | 7597276 | 4627852 | 2969424 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 6184202 | 6184202 | 2012094 | 4172108 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 13012005 | 13012005 | 1413284 | 11598721 |
| ബി ഫണ്ട് | 0 | 81794713 | 81794713 | 81794713 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക |
|---|---|---|
| ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) | 19360231 | 22835831 |
| ഡെവലപ്മെന്റ് ഫണ്ട് (എസ്.സി.പി) | 4789206 | 5141206 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 1413284 | 1366644 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4627852 | 4620901 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 258 | 165990385 | 176 | 76151421 | 0 | 82 | 68.21 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10743 | 1315737 | 1326480 | 1322902 | 3578 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20602230 | 20602230 | 20602230 | 0 |

കുറിപ്പ്:-ഖണ്ഡിക 1-11(10) കാണുക

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3302200 | 226 |
| വിധവാപെൻഷൻ | 29311000 | 1951 |
| വാർദ്ധക്യകാലപെൻഷൻ | 41531800 | 3124 |
| വികലാംഗപെൻഷൻ | 6906600 | 484 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 699200 | 40 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2023 ന് 3.30 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4271/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2.കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ, വൈദ്യുതി ചാർജ് എന്നിവക്ക് വേണ്ടി തൻവർഷത്തിലും ചെലവ് നടന്നിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല.

3. രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം കാര്യക്ഷമമല്ല. തെരുവ് വിളക്ക് രജിസ്റ്റർ, പരാതി രജിസ്റ്റർ, അൺ സർവീസബിൾ ഐറ്റം രജിസ്റ്റർ,ലോൺ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ പാലിച്ചിട്ടില്ല. മുൻകൂർ രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തിയ്യതി | | തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2022,17.12.2022 | 2022 ജൂലൈ മുതൽ 2022 ഒക്ടോബർ വരെ | 17.12.2022 |
| എ.ജി ഓഡിറ്റ് | 06.12.2022-21.12.2022 | 04/2017 മുതൽ 11/2022 വരെ | ലഭ്യമായിട്ടില്ല |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)4 പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ഉദാ. Schedule B-17)

3.കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിച്ചിട്ടില്ല.(ബാങ്ക് ബുക്കുകൾ ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ എല്ലാമാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.)

4.താഴെപ്പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക്/'ട്രഷറി സ്റ്റേറ്റ്മെന്റ് ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | അക്കൗണ്ട് | RP 40(b) പ്രകാരം നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|
| 1 | SBI E Payment | 59171 | ബാങ്ക് സ്റ്റേറ്റ്മെന്റ് 15.11.2021 വരെയുള്ളതേ ഹാജരാക്കിയിട്ടുള്ളൂ. |
| 2 | KGB TSC | 278101 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഇല്ല. |
| 3 | Treasury Account Covid | 137561 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഇല്ല. |
| 4 | Treasury Own Fund | 913751 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഇല്ല. |

5.(Closed) Treasury TSB A/c (A/c No.715051400000009) നീക്കിയിരിപ്പ് B-17 ലും RP-40(b) യിലും Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.(-330000)

6.താഴെ പറയുന്ന ഇനങ്ങളിലെ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് അവയുടെ അക്കൗണ്ടുകളുടെ (B-17) ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 ഷെഡ്യൂൾ പ്രകാരം | B- 17 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| Literacy Scheme Grant | 2701.50 | 0.50 | 2701 |
| Total Sanitation Campign (TSC) | 244010 | 278101 | 34091 |

7. വികസന ഫണ്ട് (ജനറൽ), സംരക്ഷണ ഗ്രാന്റ് (റോഡിതരം) ,സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied ലെ ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ (RP-7) വിവരങ്ങൾ, എ.സി.ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | AFS(RP-7) | ACR |
|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4620901 | 4627852 |
| വികസന ഫണ്ട് (ജനറൽ) | 19310231 | 19360231 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 2061460 | 2012094 |

| | | |
|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied | 1257919 | 1413284 |

8. രജിസ്റ്റർ പ്രകാരം വിവാഹ ധനസഹായമിനത്തിൽ 330000/- രൂപയുടെ ചെലവുണ്ടെങ്കിലും ആയത് Income & Exp. Schedule I-14(d) യിൽ ഉൾപ്പെട്ടിട്ടില്ല.

9.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള മെറ്റീരിയൽ വർക്കിനുള്ള ചെലവ് 5366309/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് B-3 (Capital Contribution) യിൽ ബുക്ക് ചെയ്തിട്ടുള്ളത് 3951598/- രൂപയാണ് .

10.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള റവന്യൂചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash Book(Financial Statement)-20526553

AFS – 21925132

11.ലൈഫ് ഭവന പദ്ധതി ലോണിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

12.B-18 പ്രകാരം 4057956 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുണ്ട്. എന്നാൽ രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

13.ഷെഡ്യൂൾ B-7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 346024/- രൂപയുടെ ബാധ്യതയുമുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2016-17 വർഷത്തിനു ശേഷം രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

14.തൊഴിൽ നികുതി (എംപ്ലോയീസ്) ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

15.ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള DCB വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ലൈസൻസ് ഫീസ് | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ | 285600 | 285600 | 0 |
| AFS | 290770 | 166570+124200 (Advance 2020-21) = 290770 | 0 |

| ട്രേഡേഴ്സ് തൊഴിൽ നികുതി | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ | 550970 | 550970 | 0 |
| AFS | 573470 | 359890+213580 (Advance 2020-21) = 573470 | 0 |

16. വാടക രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

17.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

18.ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
19.മരാമത്ത് പ്രവൃത്തികളിൽ പാർട്ട് ബിൽ നൽകിയിട്ടുള്ളതും പൂർത്തീകരിക്കപ്പെടാത്ത പ്രവൃത്തികൾ നിലവിൽ ഇല്ല. എന്നാൽ ബാലൻസ് ഷീറ്റിൽ 1,79,13,919 രൂപ Capital Work In Progress എന്ന ഹെഡിൽ ബുക്ക് ചെയ്തിട്ടുണ്ട്. ഇത് ശരിയല്ല.
20.നബാർഡിൽ നിന്നുള്ള ധനസഹായം 28,45,000 രൂപ വരവ് ചെലവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

## 1-12 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ ചില അപേക്ഷകളിൽ മൂലധനത്തുക കൃത്യമായി രേഖപ്പെടുത്തിക്കാണുന്നില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചത് എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല.ഏതാനും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 1 | ഹാജറ കെ | കെ പി കെ പെട്രോളിയം | 5000 |

| | | | |
|---|---|---|---|
| 2 | സാജിത കെ | അഗ്രോ ടെക്,ആലിങ്ങൽ | 500 |
| 3 | രാജൻ | ശ്രീ ഫാൻസി ഫൂട്ട് വെയർ, ചമ്രവട്ടം | 500 |
| 4 | മുഹമ്മദ് ബഷീർ പി കെ | ആലിങ്ങൽ സ്റ്റോർ, ആലിങ്ങല് | 500 |
| 5 | അബ്ദുൾ റഹിമാൻ എം | നസീറ റൈസ് & ഫ്ലോർ മിൽ | 500 |
| 6 | മൊയ്തീൻ കുട്ടി | ചോക്കോലാല, ചമ്രവട്ടം | 500 |
| 7 | മുബഷീറ പർവീൺ | കുളത്ത് എന്റർപ്രൈസസ്, പെരിന്തല്ലൂർ | 500 |
| 8 | അബ്ദുൾ ലത്തീഫ് | കുളത്ത് സൂപ്പർമാർക്കറ്റ്, ചമ്രവട്ടം | 500 |
| 9 | മിനി ദിവാകരൻ | ABC ഡ്രഗ്സ്, ചമ്രവട്ടം | 500 |
| 10 | ഉനൈസ് കെ | ഇഫ്ത്താർ ഫുഡ് ഇൻഡസ്ട്രീസ്, പെരിന്തല്ലൂർ | 500 |

അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/20.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷകളിൽ മൂലധനത്തുക കൃത്യമായി രേഖപ്പെടുത്തി അതിനനുസരിച്ച ലൈസൻസ് ഫീസ് നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു

2021-22 ലെ ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ , ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യങ്ങൾക്കുള്ളതായി കാണുന്നു.

| ലൈസൻസ്‌രജിസ്റ്ററിലെ ക്രമനമ്പർ | കെട്ടിട നംമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമ, തരം |
|---|---|---|---|
| 62 | 1/75 E,F | അമേയ്സ് അസോസിയേറ്റ്സ്(ഫർണ്ണീച്ചർ, കിച്ചൺവെയർ, ഹോം അപ്ലയൻസ് കച്ചവടം ) | യാഹൂ, മൂച്ചിക്കൽ<br>പാർപ്പിടാവശ്യം |
| 88 | 11/246x,y | ഹോം സെന്റർ(ഫർണ്ണീച്ചർ, ടൈൽസ്,സാനിറ്ററി ഉൽപ്പന്നങ്ങൾ കച്ചവടം) | നാരായണൻ, പെരുമ്പറമ്പിൽ<br>പാർപ്പിടാവശ്യം (ഹോസ്റ്റലുകൾ) |
| 90 | 21/85 | ടോപ്പ് വൺ ഗ്രാഫിക്സ്<br>(ഫോട്ടോസ്റ്റാറ്റ് , ഡി റ്റി പി എടുത്തുനൽകൽ) | അലി ഹാജി, നടുവിൽ പറമ്പിൽ<br>പാർപ്പിടാവശ്യം |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/20.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ വിനിയോഗക്രമം കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ ഉപയോഗത്തിനനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷന ശേഷവും വിതരണം നടത്തി

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ചുവടെ ചേർത്ത വ്യക്തികൾക്ക് അവരുടെ മരണ ശേഷവും പെൻഷൻ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം & ഐ.ഡി | മരണം നടന്ന തിയ്യതി | മരണ രജിസ്ട്രേഷൻ നം& തിയ്യതി | അനർഹമായി നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കാളി (ആധാർ നം. 595778526990) | വാർദ്ധക്യകാല പെൻഷൻ109820201409 | 14.02.2022 | 57/2022 15.03.2022 | 14400 | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | ബാവ, പരപ്പിൽ (ആധാർ നം. 970743959431) | കർഷക പെൻഷൻ 2220181088 | 06.02.2022 | 41/2022 06.02.2022 | 14400 | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 3 | ആമിനക്കുട്ടി, കാലൊടി പൊറ്റയിൽ (ആധാർ നം. 331505418136) | വാർദ്ധക്യകാല പെൻഷൻ109820601159 | 21.12.2021 | 27/22 16.02.2022 | 17600 | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 4 | മുഹമ്മദ് കുട്ടി വട്ടംകളത്തിൽ(ആധാർ നം. 215144654986) | കർഷക പെൻഷൻ 2220180916 | 16.09.2021 | 265/21 | 22400 | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 5 | മധുസൂദനൻ | വാർദ്ധക്യകാല പെൻഷൻ109820202644 | 10.03.2022 | തിരൂർ മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. | 12800 | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21/23.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സപ്തംബർ 2021 മുതൽ മാർച്ച് 2023 വരെയുള്ള കാലയളവിൽ ആധാർ നമ്പർ ലഭ്യമായതും തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുമായ ഗുണഭോക്താക്കളുടെ കാര്യത്തിൽ നൽകിയ തുകകളുടെ വിവരം മാത്രമാണ് പരിശോധിക്കാനായത്. മുഴുവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും പരിശോധന നടത്തി കാലികമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി അനർഹമായി നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അനർഹമായി തുക അനുവദിച്ചതിനെ വിശദീകരണം നൽകേണ്ടതും സ്വീകരിച്ച നടപടികളെക്കുറിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-15 പഞ്ഞൻപടി- ഹനുമാൻകാവ് റോഡ് - നബാർഡ് പ്രവൃത്തിക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും സൂപ്പർ വിഷൻചാർജ് -35400 രൂപ നൽകിയത്-ചെലവ് തടസ്സപ്പെടുത്തുന്നു.

പഞ്ഞൻപടി- ഹനുമാൻകാവ് റോഡ് നവീകരണം RIDF - നബാർഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൺസൾട്ടൻസി ചാർജിനത്തിൽ LBS ൽ അടവാക്കുന്നതിനു വേണ്ടി 35400 രൂപ പ്രവൃത്തി നിർവഹിച്ച കരാറുകാരൻ ശ്രീ എം.കെ ഷംസുദ്ധീന് നൽകിയിട്ടുണ്ട്.

പ്രൊജക്ട് വിശദാംശങ്ങൾ

പ്രൊജക്ട് നമ്പർ 279/22

അടങ്കൽ തുക- 35400/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് 35400/- ( വൗച്ചർ നമ്പർ 52101107/ 18.03.2022- ചെക്ക് KGB PFMS

68968 XVFC 212122p4 11.03.22)

തുക നൽകപ്പെട്ട അക്കൗണ്ട് നമ്പർ -332347515- കനറാബാങ്ക്

2019-2020 ൽ നിർവഹണം പൂർത്തിയാക്കിയ മേൽ പറഞ്ഞ മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 4000000 രൂപ (NABARD Fund) അടങ്കൽ നിശ്ചയിക്കപ്പെട്ട ടി പ്രവൃത്തിയുടെ കൺസൾട്ടൻസി ചാർജിനത്തിൽ 35400 രൂപ (0.75 % കൺസൾട്ടൻസി ചാർജ്ജും അതിന്റെ 18% GSTയുമുൾപ്പെടെ) LBS സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ,തിരുവനന്തപുരത്തിന് നൽകിയ തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളിൽ വിശദീകരണമാവശ്യപ്പെടുന്നു.

(1) പ്രൊജക്ടിന്റെ ഗുണനിലവാര പരിശോധനാ ഫീസ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് ഗ്രാമ വികസനകമ്മീഷണറുടെ 20.06.2017-ലെ നം. 9106ആർ & ഐ.4/17/സി.ആർ.ഡി നമ്പർ കത്തിൽ പ്രത്യേകം നിർദേശിച്ചിട്ടുണ്ടെന്നിരിക്കെ അത് ചെയ്യാതെ ടി തുക നൽകാൻ മറ്റൊരു പ്രൊജക്ട് തയ്യാറാക്കി ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക പിൻവലിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

(2) വികസന ഫണ്ടിൽ നിന്നും ഇത്തരത്തിൽ തുക വിനിയോഗിക്കുന്നതിന് അനുമതിയില്ലെന്നിരിക്കെ ടി തുക ചെലവഴിച്ചത് ക്രമ വിരുദ്ധമാണ്. ഗ്രാമ പഞ്ചായത്തിന്റെ 23.6.21 ലെ 4 ാം നമ്പർ തീരുമാനപ്രകാരം സൂപ്പർവിഷൻ ചാർജ്ജ് നൽകുന്നതിന് തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി തയ്യാറാക്കുന്നതിന് തീരുമാനിച്ചിരുന്നു.

(3) കൺസൾട്ടൻസി ചാർജിനത്തിൽ ചെലവഴിച്ച തുകയിൽ നിന്ന് 2% (Income Tax Act 1961,Section 194 J) ഐ.ടി ഈടാക്കിയിട്ടില്ല.

(4) ഈ പ്രവൃത്തിയുടെ ആകെ അടങ്കൽ തുക 4000000 രൂപയും ആകെ പ്രവൃത്തി മൂല്യം 3556373 രൂപയുമാണ്. ആകെ ചെലവു തുകയിൽ 2845000രൂപ (80%) DRDA വിഹിതവും 711275 രൂപ ( 20%) മാച്ചിംഗ് ഗ്രാന്റ് വിഹിതവുമാണ്. ഇതിൽ DRDA വിഹിതമായ 2845000രൂപ ഗ്രാമ വികസനക്കമ്മീഷണറുടെ 01.06.2021 ലെ 12580/R1 3/2020/CRD ഉത്തരവ് പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിക്കുകയും ടി തുക 14.07.2021 തീയ്യതിയിലെ 5- നമ്പർ ട്രഷറി ബിൽ പ്രകാരം സെക്രട്ടറി പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി തുകയിൽ നിന്ന് നിയമാനുസൃത റിക്കവറികൾ നടത്തുകയോ കരാറുകാരന് തുക കൈമാറുകയോ ചെയ്ത രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.

(5) അവശേഷിക്കുന്ന 20% തുകയായ 711275 രൂപ അനുവദിക്കുന്നതിനു വേണ്ടി മലപ്പുറം ജില്ലാകളക്ടർ മുമ്പാകെ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മാച്ചിംഗ് ഗ്രാന്റ് കരാറുകാരന് അനുവദിച്ചതായി കാണുന്നില്ല.
( കത്ത് നമ്പർ A2-2000/21 തീയ്യതി 04.08.2021) എന്നാൽ അപേക്ഷയോടൊപ്പം പ്രസ്തുത പ്രവൃത്തി സംബന്ധിച്ച വിശദമായ റിപ്പോർട്ട്, ഭരണാനുമതി സംബന്ധിച്ച രേഖകൾ എന്നിവകൂടി സമർപ്പിക്കുവാൻ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം ലഭിച്ചതായി കാണുന്നു. എന്നാൽ പിന്നീട് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല) .
6)NABARD ഫണ്ടുപയോഗിച്ച് ചെയ്ത പ്രവൃത്തിയുടെ വരവ് ചെലവ് തുകകൾ 2021-22 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനും , പ്രൊജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങളും രേഖകളും പരിശോധനക്ക് ലഭ്യമാക്കുന്നതിനും വേണ്ടി നൽകിയ 19.01.2023 -ലെ 2- നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ, സൂപ്പർ വിഷൻ ചാർജിനത്തിൽ നൽകേണ്ട തുക പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലുൾപ്പെടുത്തേണ്ടതാണന്ന നിർദേശം ഉണ്ടായിരുന്നില്ലെന്നും അത് കൊണ്ടാണ് പ്രസ്തുത തുക നൽകാൻ വേറെ പ്രൊജക്ടിന് രൂപം നൽകിയതെന്നും പറഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന 20% തുകയായ 711275 രൂപ അനുവദിക്കുന്നതിനു വേണ്ടി മലപ്പുറം ജില്ലാകളക്ടർ മുമ്പാകെ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചെങ്കിലും തുക അനുവദിക്കപ്പെട്ടില്ലെന്നും കരാറുകാരൻ നിയമ നടപടകളുമായി മുന്നോട്ടു പോകുകയാണെന്നും പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും നൽകാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. ബാക്കിതുക തനത് ഫണ്ടിൽ നിന്നും വകയിരുത്താൻ തീരുമാനിച്ച നടപടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകിയ തുകയുടെ ന്യൂനതാ പരിഹാരമായി പരിഗണിക്കണമെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.
പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി ഗ്രാമ വികസനക്കമ്മീഷണർ നൽകിയ നിർദേശങ്ങളിൽ പ്രസ്തുത പ്രവൃത്തിയുടെ സൂപ്പർ വിഷൻ ചാർജിനത്തിൽ നൽകേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്തേണ്ടതാണന്ന് വ്യക്തമായി നിർദേശം നൽകിയത് പരിഗണിക്കാതെ വികസന ഫണ്ടിന്റെ സ്രോതസ്സിൽ നിന്ന് തുക നൽകിയ നടപടി അംഗീകരിക്കുന്നില്ല. 35400 രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വിതരണം- മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനു വേണ്ടി 5 ലക്ഷം രൂപ ഹോംകോ ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0037/22 |
| പ്രൊജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 500000/- |
| ചെലവ് | 500000/- |

| | |
|---|---|
| ബിൽ നമ്പർ, തീയ്യതി | 01/21-22 തീയ്യതി, 23.02.2022 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ഹോംകോ അക്കൗണ്ട് നമ്പർ | 34306403911 SBI |
| Homco Proforma Invoice No. & Date | PF- 1465/20.02.2022 |
| Homco Reciept No. | 5860/27.05.2022 |

മേൽ പറഞ്ഞ പ്രകാരം മരുന്ന് വാങ്ങുന്നതിനു വേണ്ടി 5 ലക്ഷം രൂപ ഹോംകോക്ക് നൽകിയിട്ടുണ്ടെങ്കിലും ഹാജരാക്കിയ രേഖകൾ പ്രകാരം മരുന്ന് ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് ( ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 4/19.03.2023) മറുപടി ലഭ്യമാക്കിയില്ല)

## 1-17 പഞ്ചായത്ത് ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് - മുഴുവൻ തുകയും തിരിച്ചടച്ചതായി കാണുന്നില്ല.

2021-22 കാലയളവിൽ വൗച്ചർ നം. 52100424/ Dated 18.08.21 പ്രകാരം തനത് ഫണ്ടിൽ നിന്നും 105000 രൂപ പിൻവലിച്ച് ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ ഗ്രാമ പഞ്ചായത്ത് ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ജീവനക്കാർ കൈപ്പറ്റിയ തുക മുഴുവൻ തിരിച്ചടച്ചിട്ടില്ലെന്ന് മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേരും തസ്തികയും | കൈപ്പറ്റിയ തുക | തിരിച്ചടച്ച തുക വിശദാംശങ്ങൾ | | | തിരിച്ചടക്കേണ്ട ബാക്കി തുക |
|---|---|---|---|---|---|---|
| 1 | ശ്രീ സുതൻ, കെ.എസ് ഹെഡ് ക്ലാർക്ക് | 15000/- | 3000/Oct | 3000/Nov. | 3000/Dec | 6000 |
| 2 | ശ്രീമതി ജീജ.കെ, സീനിയർ ക്ലാർക്ക് | 15000/- | 3000/Oct | 3000/Nov. | 3000/Dec | 6000 |
| 3 | ശ്രീമതി. അനിത,ക്ലാർക്ക് | 15000/- | 3000/Oct | 3000/Nov. | 3000/Dec | 6000 |
| 4 | ശ്രീമതി നിഷാരാജ്, ക്ലാർക്ക് | 15000/- | 3000/Oct | 3000/Nov. | 3000/Dec | 6000 |
| 5 | ശ്രീ അനന്ദു, ക്ലാർക്ക് | 15000/- | 3000/Oct | 3000/Nov. | 3000/Dec | 6000 |
| 6 | ശ്രീ.സുവിൻശേഖർ,ക്ലാർക്ക് | 15000/- | 3000/Oct | 3000/Nov. | 3000/Dec | 6000 |
| 7 | ശ്രീ അഷറഫ് ഓഫീസ്അസിസ്റ്റന്റ് | 15000/- | 3000/Oct | 3000/Nov. | 3000/Dec | 6000 |
| | | | | | | 42000/- |

മേൽ തുകകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 10/20.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 ഫെസ്റ്റിവൽ അഡ്വാൻസ് - മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയ കണക്കും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടാത്തത്.

പഞ്ചായത്ത് ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് - മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയ കണക്കും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| AFS- RP -47 പ്രകാരം പിൻവലിച്ച തുക 117000/- | AFS- പ്രകാരം തിരികെ ഒടുക്കിയ തുക-69000/- | AFS പ്രകാരം തിരികെ ഒടുക്കേണ്ട തുക-48000/- |

| | | |
|---|---|---|
| വൗച്ചർ നം. 52100424/ Dated 18.08.21, , ബിൽ രജിസ്റ്റർ,<br>മുൻകൂർ രജിസ്റ്റർ പ്രകാരം പിൻവലിച്ച് വിതരണം ചെയ്ത തുക- 105000 | മുൻകൂർ രജിസ്റ്റർ പ്രകാരം തിരിച്ചടച്ച തുക-63000 | മുൻകൂർ രജിസ്റ്റർ പ്രകാരം തിരിച്ചക്കേണ്ട തുക-42000/- |

വാർഷിക ധനകാര്യ പത്രികയിലെ കണക്കും, മുൻകൂർ രജിസ്റ്റർ, വൗച്ചർ എന്നിവ പ്രകാരം രേഖപ്പെടുത്തിയ കണക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 11/20.01.2023) മറുപടി നൽകുകയോ അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച് രേഖകൾ സഹിതം വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - പൂർത്തീകരണ- വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

തൃപ്രങ്ങോട് പഞ്ചായത്തിന്റെ രണ്ടാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ ( വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന വൈദ്യുതി ബോർഡിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 43/2022 |
| പ്രൊജക്ടിന്റെ പേര് | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ തുക | 200000/- തനത് ഫണ്ട് |
| ചെലവ് തുക 103081/- | (1) വൗച്ചർ നം 52100607/02.11.21- Ch.No.4588815/02.11.2021- - 57363/-<br>(2) വൗച്ചർ നം 52100899/20.01.22 Ch.No.5895813/20.01.22 - 29009/-<br>(3) 52100393/05.08.21 Ch.No.17056/ 05.08.21 - 5111/-<br>(4) വൗച്ചർ നം.52101103/27.03.22 - 11598/- |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രവൃത്തിയുടെ ഫയലിൽ നിന്നും ഏതൊക്കെ സ്ഥലങ്ങളിലെ പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കുന്നത് എന്ന് വ്യക്തമല്ല. മേൽ പറഞ്ഞ തുക നൽകിയത് പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തീകരണ – തുക വിനിയോഗ സാക്ഷ്യ പത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/19.01.2023) മറുപടി സമർപ്പിക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തില്ല.

ആയതിനാൽ മേൽ പറഞ്ഞ പ്രവൃത്തിക്കു വേണ്ടി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച മുഴുവൻ തുകയുടേയും വിനിയോഗ – പൂർത്തീകരണ സാക്ഷ്യ പത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടി തുകയിൽ ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് വൈദ്യുതി ബോർഡിൽ നിന്നും തിരികെ ഈടാക്കി തനത് ഫണ്ടിലൊടുക്കി വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. വിനിയോഗ – പൂർത്തീകരണ സാക്ഷ്യ പത്രങ്ങൾ ഹാജരാക്കുന്നത് വരെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-20 ജി.എസ്.ടി.-TDS ഈടാക്കിയില്ല.

നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000രൂപയ്ക്കു മുകളിലാണെങ്കിൽ CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി.TDS നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2%ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്. മൺപാത്ര തൊഴിലാളികൾക്ക് ജീവനോപാധി വാങ്ങി നൽകൽ എന്ന പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ ഇൻവോയസുകൾ പ്രകാരമുള്ള തുക അനുവദിച്ച വേളയിൽ ബാധകമായ 2%നികുതി TDS നടത്തിയതായി കാണുന്നില്ല.

| പ്രൊജക്ട് | ബിൽ/ചെക്ക് നം/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 149/22 , മൺപാത്ര തൊഴിലാളികൾക്ക് ജീവനോപാധി വാങ്ങി നൽകൽ | 21150552042700557793/ 25.10.21 | 3,48,000 | ശ്രീ.യോഗേഷ്.കെ, മാന ഇൻഡസ്ട്രീസ്,ചെറുവണ്ണൂർ,ഫറോക്ക് ഇൻവോയസ് നം.തീ: M I/21-22/1 /3.5.21 |

നികുതി വിധേയമായ തുക(294915)യുടെ 2%(5898/-) ബില്ലുകളിൽ നിന്ന് കുറവു വരുത്തി നികുതി വകുപ്പിൽ ഒടുക്കേണ്ടതായിരുന്നു. സർക്കാർ നിർദ്ദേശത്തിനനുസൃതമായി നികുതി പിടിച്ച് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 26/24.01.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.എസ്.ടി.TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി മറ്റു നിർവഹണ സ്ഥാപനങ്ങൾക്ക് കൈമാറിയ പ്രൊജക്ട്, തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജ.നം, പേര് | അടങ്കൽ ഫണ്ടിനം | ചെലവ് തുക ബിൽ നം, തീയ്യതി | നിർവഹണ ഏജൻസി/ സ്ഥാപനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 02/22- SSA വിഹിതം നൽകൽ | 782171/- (പൊതു ഫണ്ട്) 93829/- (തനത് ഫണ്ട്) ആകെ 876000/- | 782171/- ബിൽ നം. (A) 06/15.07.2021 653000/- (B) 21/18.03.22 129171/- | പ്രൊജക്ട് ഡയറക്ടർ SSA | വിനിയോഗ സാക്ഷ്യപത്രം |
| 300/22-ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന് കെട്ടിട നിർമാണം-അധിക വിഹിതം | 265000/- (പൊതു വിഹിതം) | 265000/- 16/18.02.2022 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം. | |

| | | | | |
|---|---|---|---|---|
| നൽകൽ | | | | |
| 289/22- ബ്ലോക്ക് ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ | 500000/- (പൊതു വിഹിതം) | 500000/- ( ബിൽ നം. 162/23.12.21 സബ്ട്രഷറി, തിരൂർ | ബ്ലോക്ക് പഞ്ചായത്ത് | |

പ്രൊജക്ടുകളുടെ നിർവഹണത്തിനു വേണ്ടി കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ – പൂർത്തീകരണ സാക്ഷ്യ പത്രങ്ങൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 15,47,171 രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/20.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-22 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി - നഷ്ടം 9498 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റ് ചെയ്യുതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ അതേ അളവിലാണ് (നീളം, വീതി) ബെഡ് കോൺക്രീറ്റ് ചെയ്യിട്ടുള്ളത് എന്നതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| തലൂക്കര പരിയാപാടം റോഡ് ഡ്രൈനേജ് നിർമ്മാ ണം (168/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)<br>ബിൽ 21150552042601164061/19.2.2022 തുക 361027<br>മൂല്യനിർണ്ണയം - 361027<br>സാങ്കേതികാനുമതി 51845/12.8.2020<br>എസ്റ്റി.നമ്പർ -2020/100355<br>കരാർ 50/5.10.2020 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.എം.കിഷോർ കുമാർ<br>അളവ് പുസ്തകം 122/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 8 $M^3$<br>(അധിക ഇനം 2) | 55796.24<br>@6974.53/m $^3$ | 53650.24<br>@6706.28/$m^3$ | 2404<br>(2146+258(12%GST) |
| മനക്കളം ഫുട്പാത്ത് കോൺക്രീറ്റിംഗ് - ഡ്രൈനേജ് നിർമ്മാ ണം (172/22)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് - JM 4652883/19.2.2022 തുക 373192<br>മൂല്യനിർണ്ണയം - 373192<br>സാങ്കേതികാനുമതി 27246/5.6.2020<br>എസ്റ്റി.നമ്പർ -2020/56369 | 6.195 $M^3$<br>( ഇനം 2) | 43207.21<br>@6974.53/m $^3$ | 41545.40<br>@6706.28/$m^3$ | 1861<br>(1662+199(12%GST) |

| | | | | |
|---|---|---|---|---|
| കരാർ 48/5.10.2020 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.എം.കിഷോർ കുമാർ<br>അളവ് പുസ്തകം 66/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| പൂവാംകുളം പുഴംകര ഡ്രൈൻ , ഫുട്പാത്ത് കോൺക്രീറ്റിംഗ് - ഡ്രൈനേജ് നിർമ്മാ ണം (181/22)<br>ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ബിൽ -21150552042601164054/19.2.2022 തുക 211934<br>മൂല്യനിർണ്ണയം - 211934<br>സാങ്കേതികാനുമതി 27247/5.6.2020<br>എസ്റ്റി.നമ്പർ -2020/57200<br>കരാർ 70/23.10.2020 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.എ. ബാലൻ<br>അളവ് പുസ്തകം 65/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 4.167 $M^3$<br>( ഇനം 2) | 29062.87<br>@6974.53/$m^3$ | 27945.06<br>@6706.28/$m^3$ | 1252<br>(1118+134(12%GST) |
| കുട്ടിച്ചാത്തൻപടി മലബാർ റീടാറിംഗ് - ഡ്രൈനേജ് നിർമ്മാ ണം (110/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)<br>ബിൽ 21150552042601503811/29.3.2022 തുക 935150<br>മൂല്യനിർണ്ണയം - 935150<br>സാങ്കേതികാനുമതി 24509/26.8.2021<br>എസ്റ്റി.നമ്പർ -2021/31244<br>കരാർ 32/23.12.2021 (Tender Below-3.937%)<br>കോൺട്രാക്ടർ. ശ്രീ.ബാലകൃഷ്ണൻ.T<br>അളവ് പുസ്തകം 64/21-22,74/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 1.336 $M^3$<br>( ഇനം 2) | 8951.20<br>@6700 | 8606.84<br>@6442.25 | 385<br>(344+41(12%GST) |
| കരുമത്തിൽ റോഡ് ഡ്രൈനേജ് നിർമ്മാ ണം (SO263/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)+ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ബിൽ 21150552042601514770/30.3.2022 തുക 90959 | 5.330 $M^3$<br>( ഇനം 3) | 33312.50<br>@6250 | 32030.26<br>@6009.43 | 1436<br>(1282+154(12%GST) |

| | | | | |
|---|---|---|---|---|
| ബിൽ -57/30.3.22- 344000<br>മൂല്യനിർണ്ണയം - 434959<br>സാങ്കേതികാനുമതി 75276/14.1.2022<br>എസ്റ്റി.നമ്പർ -2021/82008<br>കരാർ 68/26.2.2022 (Tender Below-20.300%)<br>കോൺട്രാക്ടർ. ശ്രീ.നിസ്സാർ.P<br>അളവ് പുസ്തകം 99/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | | | | |
| മുക്കിലപീടിക കടപ്പള്ളി റോഡ് ഡ്രൈനേജ് (SO262/22)<br>211505520426O1529764/30.3.2022 തുക 455859<br>ഫണ്ട് -മെയിന്റനൻസ് ഗ്രാന്റ് (R)<br>മൂല്യനിർണ്ണയം - 455859<br>സാങ്കേതികാനുമതി 69994/31.12.2021<br>എസ്റ്റി.നമ്പർ -2021/82008<br>കരാർ 65/24.2.2022<br>തുക 748311.45(15.10% കുറവ്)<br>കോൺട്രാക്ടർ. ശ്രീ.സജിത്ത്.P<br>അളവ് പുസ്തകം 96/21-22,95/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | $6.397m^3$ (ഇനം 3) | 50163.16<br>@7841.68//$m^3$ | 48233.82<br>@7540.07//$m^3$ | 2160<br>(1929+231(12% GST)) |
| ആകെ | | | | 9498 |

ഓഡിറ്റ് എൻക്വയറി (7 /19.1.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-23 ഒട്ടുംപുറം ടോയിലറ്റ് നിർമ്മാണം (Take A Break) - അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒട്ടുംപുറം ടോയിലറ്റ് നിർമ്മാ ണം (Take A Break) എന്ന പ്രവൃത്തി 23.1.23 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഒട്ടുംപുറം ടോയ്ലറ്റ് നിർമ്മാണം (Take A Break) (SOO203/22)

ഫണ്ട് - ശുചിത്വമിഷൻ ഫണ്ട്

ചെക്ക് - JM 4652791/18.4.2021 തുക 573316

മൂല്യനിർണ്ണയം - 573316

സാങ്കേതികാനുമതി 86267/16.11.2020

എസ്റ്റി.നമ്പർ -2020/129047

കരാർ 50/5.10.2020 (എസ്റ്റിമേറ്റ് റേറ്റ്)

കോൺട്രാക്ടർ. ശ്രീ.ശ്രീജിത്ത്.K

അളവ് പുസ്തകം 102/21-22, 105/21-22

കോസ്റ്റ് ഇൻഡക്സ് 31.06%

1. പ്രവൃത്തിയിൽ താഴെ പറയുന്ന ഇനങ്ങൾ ചെയ്തതിൽ അപാകത കാണുന്നു.

| അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയത് | | ചെയ്ത പ്രവൃത്തി |
|---|---|---|
| ഇനം | അനുവദിച്ച തുക | ഇനം |
| 50.17.1.4<br>CP Health Faucet Good Quality<br>(1 Nos ) | 747 | Plastic Faucet |
| 50.17.1.1<br>Stainless Steel Soap Dish<br>(2 Nos) | 131.34 | Plastic Soap Dish |
| 50.17.1.3<br>CP Towel Rod<br>(2 Nos) | 251.24 | Plastic Towel Rod<br>(1 Nos) |

CP Bathroom Fitings കൾ എല്ലാം മെറ്റാലിക് പ്രോഡക്ടുകൾ ആണ്. എന്നാൽ മേൽ പ്രവൃത്തിയിൽ വച്ചിരിക്കുന്നത് എല്ലാം തന്നെ പ്ലാസ്റ്റിക് പ്രോഡക്ടുകൾ ആണ്. ടവൽ റോഡ് 2 എണ്ണത്തിന് തുക അനുവദിച്ചിട്ടുണ്ടെങ്കിലും 1 മാത്രമാണ് പ്രവൃത്തിയിൽ സ്ഥാപിച്ചിട്ടുള്ളത്

2.Take A Break ടോയിലറ്റ് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടില്ല. നിലവിൽ ഹരിത കർമ്മ സേനാംഗങ്ങൾ മാത്രം ഉപയോഗിക്കുന്നു.

അളവ് പുസ്തക പ്രകാരമുള്ള ഇനങ്ങൾ സ്ഥാപിക്കാത്തതിനാൽ പ്രവൃത്തിയിൽ അധികം നൽകിയ തുക കണക്കാക്കി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. DB5/7507/11/CE/LSGD തി. 24.9.20 നമ്പർ സർക്കുലർ പ്രകാരം സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികൾ (Take A Break) നിർമ്മിക്കുന്നതിനാണ് എല്ലാ ത.സ്വ.ഭ.സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുള്ളത്. നിലവിൽ ഹരിത കർമ്മ സേനാംഗങ്ങൾ മാത്രമാണ് ടോയ്ലറ്റ് കീ കൈവശം വച്ച് ഉപയോഗിക്കുന്നത് അതിനാൽ പൊതുജനങ്ങൾക്ക് ഇത് പ്രയോജനപ്പെടുന്നില്ല. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (23/24.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-24 സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 9149 രൂപ

താഴെ പറയുന്ന പ്രവൃത്തികളിൽ കെട്ടിടത്തിന് മുൻവശത്ത് / മുകളിൽ മേൽക്കൂര നിർമ്മിച്ചപ്പോൾ സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DAR 10.16.1 കോഡ് (MS പൈപ്പ്) പ്രകാരമുള്ള 118.28/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 23.1.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DAR 50.10.2 കോഡ് പ്രകാരമുള്ള 106.88/kg രൂപയാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

| പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| ഹോമിയോ ഡിസ്പൻസറി ഷീറ്റിടൽ<br>പ്രോജക്റ്റ് നം - S0164/22<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>എം. ബുക്ക് - 125/20-21<br>കരാർ - 108/12.2.21 (Estimate Rate)<br>മൂല്യനിർണ്ണയം - 503751<br>ബിൽ -21150552042600937037/12.1.22-503751<br>കരാറുകാരൻ - സലീം.P<br>Cost Index -31.06% (DAR 2016)<br>TS No.- 76573/13.10.20<br>Esti. No.- 2020/118204 | 251.89 Kg X 118.28/kg = 29793.55<br>(അളവ് പുസ്തകം ഇനം 9) | 251.89 Kg Kg X 106.88/kg = 26922 | 3216<br>(2872+12 GST) |

| | | | |
|---|---|---|---|
| 101 ാം നമ്പർ അംഗൻവാടി റിപ്പയർ<br>പ്രോജക്റ്റ് നം - SO103/22<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>എം. ബുക്ക് - 103/20-21<br>കരാർ - 58/23.10.20 (Estimate Rate)<br>മൂല്യനിർണ്ണയം - 175703<br>ബിൽ -21150552042600211060/1.7.21-175703<br>കരാറുകാരൻ - ശ്രീജിത്ത്.K<br>Cost Index -31.06% (DAR 2016)<br>TS No.- 73937/4.10.20<br>Esti. No.- 2020/118231 | 464.62 Kg X 118.28/kg = 54955.25<br>(അളവ് പുസ്തകം ഇനം 9) | 464.62 Kg Kg X 106.88/kg = 49658.58 | 5933<br>(5297+12 GST) |
| ആകെ | | | 9149 |

ഓഡിറ്റ് എൻക്വയറി (22 /24.1.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളിൽ അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-25 പറപ്പേരി BEMUP സ്കൂൾ ടോയിലറ്റ് നിർമ്മാണം (Take A Break) - അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പറപ്പേരി BEMUP സ്കൂൾ ടോയിലറ്റ് നിർമ്മാണം (Take A Break) എന്ന പ്രവൃത്തി 23.1.23 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

പറപ്പേരി BEM സ്കൂൾ ടോയിലറ്റ് നിർമ്മാ ണം (Take A Break) (SO0205/22)

ഫണ്ട് - ശുചിത്വമിഷൻ ഫണ്ട്

ചെക്ക് - JM 4652782/18.9.2021 തുക 138727

മൂല്യനിർണ്ണയം - 138727

സാങ്കേതികാനുമതി 79775/17.11.2020

എസ്റ്റി.നമ്പർ -2020/124125

കരാർ 89/6.11.2020 (എസ്റ്റിമേറ്റ് റേറ്റ്)

കോൺട്രാക്ടർ. ശ്രീ.ബാലൻ.T

അളവ് പുസ്തകം 264/19-20

കോസ്റ്റ് ഇൻഡക്സ് 31.06%

പ്രവൃത്തിയിൽ താഴെ പറയുന്ന ഇനങ്ങൾ ചെയ്തതിൽ അപാകത കാണുന്നു.

1. സർക്കുലർ നമ്പർ DB5/7507/11/CE/LSGD തി. 24.9.20 നമ്പർ സർക്കുലർ പ്രകാരം സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികൾ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് എല്ലാ ത.സ്വ.ഭ.സ്ഥാപനങ്ങൾക്കും നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് 138727 രൂപ മൂല്യ നിർണ്ണയത്തിൽ 3 ശുചിമുറികൾ ഉണ്ടാക്കുയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ പറപ്പേരി BEM സ്കൂൾ കോമ്പൗണ്ടിനകത്താണ് ടേക്ക് എ ബ്രേക്ക് പദ്ധതിപ്രകാരമുള്ള 3 ശുചി മുറികൾ സ്ഥാപിച്ചിട്ടുള്ളത്. ഇതിന്റെ അടുത്ത് തന്നെ സ്കൂളിന്റെ ശുചിമുറികൾ ഉണ്ട്. പൊതു ജനങ്ങൾക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ടേറിയ ഈ സ്ഥലത്ത് ഈ പദ്ധതി പ്രകാരം ശുചി മുറികൾ നിർമ്മിച്ചതിനാൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

2. അളവ് പുസ്തകം ഇനം 21 പ്രകാരം മിറർ സ്ഥാപിച്ചതിന് 986.62 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ ആയത് സ്ഥാപിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച തുക കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. മേൽ സർക്കുലറിന് വിരുദ്ധമായി സ്കൂളിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരമുള്ള ടോയ്ലറ്റ് സ്കൂളിൽ സ്ഥാപിച്ചതിനാൽ പബ്ലിക്കിന് ഇത് പ്രയോജനപ്പെടുന്നില്ല. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യത്തിന് വിരുദ്ധമായിട്ടാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (24/24.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 Capital Work In Progress എന്ന ഹെഡിൽ തെറ്റായി ചെലവുകൾ രേഖപ്പെടുത്തുന്നു

2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം Capital Work In Progress എന്ന ഹെഡിൽ 1,79,13,919 രൂപ അവശേഷിക്കുന്നുണ്ട്. ഇതിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും പല ചെലവുകളും തെറ്റായി അക്കൌണ്ട് ചെയ്തതായി ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

(മുന്നിരിപ്പ് - 1,62,83,559)

| ചെലവ് | വൌച്ചർ | തുക |
|---|---|---|
| Purchase Of Inverter To PHC | 22101133/13.9.21 | 49700 |
| Share To Block Dailiysis Centre | 22101168/23.12.21 | 50000 |
| Purchase Of Furniture | 22101175/4.1.22 | 49999 |
| Exp.to Karshika Karmasena | 22101228/5.3.22 | 270000 |

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ 2021-22 സാമ്പത്തിക വർഷത്തിൽ പൂർത്തിയായി ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പ്രവർത്തികളുടെ ചെലവുകളും Capital Work In Progress എന്ന ഹെഡിൽ തെറ്റായി കിടക്കുന്നു. പ്രവർത്തികൾ പൂർത്തിയായതിനാൽ ആസ്തികളായി മാറ്റേണ്ടതായിരുന്നു.

| ചെലവ് | വൌച്ചർ | തുക |
|---|---|---|
| LP School Alingal Road Raising And Tarring | 22101315/22.3.22 | 304802 |
| Mukkilapeedika Kadappilli Road | 22101322/30.3.22 | 455859 |

(ലെഡ്ജറിലെ മുന്നിരിപ്പായി 1,62,83,559 രൂപ കിടപ്പുണ്ട്. ആയതിലെ ചെലവുകളും പരിശോധിക്കപ്പെടേണ്ടതുണ്ട്.)

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/19.1.23) മറുപടി ലഭ്യമാക്കിയില്ല.

മുന്നിരിപ്പായി കാണിച്ച് തുകകളിലെ ചെലവുകൾ പരിശോധിക്കേണ്ടതും Capital Work In Progress എന്ന ഹെഡിൽ കിടക്കുന്ന തെറ്റായ ചെലവുകൾ ഒഴിവാക്കി വാർഷിക കണക്ക് കുറ്റമറ്റമാക്കേണ്ടതുമാണ്.

## 1-27 കണക്കിൽ ഉൾപ്പെടുത്താത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ തിരൂർ SBI ശാഖയിൽ ഉള്ള 40581302477 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.22 ന് 50,763 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് , ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

ചെലവഴിക്കാൻഅവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന്

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (20/24.1.2023) മറുപടി ലഭ്യമാക്കിയില്ല)

## 1-28 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും ഗ്രാമ പഞ്ചായത്തിന്റെ തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുൻകൂർ നൽകിയത് സംബന്ധിച്ച്

കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 318483 രൂപ (Vr.25734 / 14.5.19) മുൻകൂർ അനുവദിച്ചതായി 460500304 എന്ന ഹെഡ് (ബാലൻസ് ഷീറ്റ്) പ്രകാരം കാണുന്നു. മുൻകൂർ രജിസ്റ്ററിലും മുൻകൂർ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലവ് വിവരണത്തിൽ (Head-460500304 ) ആശ്രയ പദ്ധതിയുടെ (രണ്ടാം ഘട്ടം) ഭാഗമായി കുടുംബശ്രീ അക്കൌണ്ടിലേക്ക് നൽകിയ തുക എന്നും കാണുന്നു. പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച് കൃത്യമായ വിവരം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/20.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻകൂർ എന്ന ഹെഡിൽ കിടക്കുന്ന ചെലവ് തുകയായതിനാൽ ചെലവ് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 ഹരിത കർമ്മസേന - പ്രവർത്തനാവലോകനം

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കായാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഗ്രാമ പഞ്ചാത്തിലെ ഹരിത കർമ്മസേന പ്രവർത്തനം 03.03.2020 നാണ് ആരംഭിച്ചത്. നിലവിൽ 13 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 21 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ എല്ലാ വാർഡിലേക്കും അംഗങ്ങൾ ഇല്ല. നിലവിലെ അംഗങ്ങൾ തന്നെ മുഴവൻ വാർഡിലേയും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്. നിലവിൽ ഒരു പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുമ്പാൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം.

പ്രാരംഭ ഘട്ടത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് തുക തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിരുന്നു. 2021-22 വർഷത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി രൂപ ഗ്യാപ് ഫണ്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടില്ല. നിലവിൽ ഗ്യാപ് ഫണ്ട് അനുവദിക്കുന്നില്ല എന്നും, ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സ്വയം കണ്ടെത്തുന്നുണ്ട് എന്നും കൺസോർഷ്യം പ്രസിഡണ്ട് അറിയിച്ചു.

മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള എം.സി.എഫ് (മെറ്റീരിയൽ സംഭരണ കേന്ദ്രം) പ്രവർത്തനം നടക്കുന്നത് ഗ്രാമ പഞ്ചായത്തിലെ ഒട്ടുംപുറം എന്ന സ്ഥലത്താണ്. കൂടുതൽ മാലിന്യങ്ങൾ വേർതിരിച്ചെടുക്കുന്നതിന് ഉതകുന്ന സൗകര്യങ്ങൾ മേൽ എം.സി.എഫിൽ ഇല്ല. പ്ളാസ്റ്റിക് മാലിന്യങ്ങൾ കെട്ടിടത്തിന്റെ മുൻവശത്തിലുള്ള റോഡ് സൈഡിലും ഇട്ടിട്ടുള്ളതായി മരാമത്ത് പ്രവൃത്തികളുടെ ഭാഗമായുള്ള സ്ഥലപരിശോധയിൽ ബോധ്യപ്പെട്ടു. എം.സി.എഫ് കെട്ടിടത്തിൽ വൈദ്യുതി, വെള്ളം എന്നീ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 11.8.21മുതൽ 40147101070291 നമ്പരിൽ KGB തൃപ്രങ്ങോട് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക് പ്രകാരം 31.3.2021 ന് 16555 രൂപ

നീക്കിയിരിപ്പുണ്ട്.

അടിസ്ഥാന സൌകര്യങ്ങൾ ഇല്ലാതെ ഹരിത കർമ്മ സേന അംഗങ്ങൾ ബുദ്ധിമുട്ടുന്നുണ്ട്. അവരുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിൻമേൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

ഓഡിറ്റ് നിർദേശങ്ങൾ

1.നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ക്ലീൻ കേരള ക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

2.നിലവിലെ കെട്ടിടം വിപുലീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ബെയ്ലിംഗ് മെഷീൻ അടക്കമുള്ള മെഷിനറികൾ വാങ്ങി നൽകേണ്ടതുമാണ്.

3.കെട്ടിടത്തിൽ വൈദ്യുതി, വെള്ളം എന്നീ സൌകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കേണ്ടതാണ്.

4.നിലവിൽ പ്ലാസ്റ്റിക്ക് മാലിന്യം MCF ൽ എത്തിക്കുന്നതിന് വാഹനം വാടകക്ക് എടുക്കുകയാണ് ചെയ്യുന്നത്. ഹരിത കർമ്മസേനക്ക് വേണ്ടി വാഹനം വാങ്ങി നൽകേണ്ടതാണ്.

5.നിലവിൽ Take A Break പ്രകാരം പബ്ലിക്കിന് വേണ്ടി നിർമ്മിച്ച ടോയ്ലറ്റ് ആണ് ഉപയോഗിക്കുന്നത്. കെട്ടിടത്തിന് അനുബന്ധമായി ടോയ്ലറ്റ് സൌകര്യം, ഓഫീസ് സൌകര്യം, ആവശ്യമായ ഫർണ്ണിച്ചറുകൾ എന്നിവ ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

6.തിരക്കേറിയ സ്ഥലങ്ങളിൽ മിനി MCF കൾ സ്ഥാപിക്കേണ്ടതാണ്.

## 1-31 നിർവഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയതിൽ 20,87,266 രൂപ ക്രമീകരിക്കാനുള്ളതായി ബാലൻസ് ഷീറ്റ് (Head-460500501) പ്രകാരം കിടക്കുന്നു. ഏതൊക്കെ നിർവഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ച മുൻകൂർ തുകകളാണ് ക്രമീകരിക്കാതെ കിടക്കുന്നത് എന്ന് അറിയിക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/20.1.23) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ രജിസ്റ്ററിൽ മുൻകൂർ തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ തുകകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ഓഡിറ്റ് റിപ്പോർട്ടിൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ച് നൽകേണ്ടതാണെന്നും1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിന്റെ 2015-16,2016-17,2017-18, 2018-19, 2019-20 , 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ , ക്രമക്കേടുകളും ന്യൂനതകളും പരിഹരിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/20.1.23) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടുകളിൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-33 ന്യൂട്രീമിക്സിന് അധികത്തുക നൽകി

നിർവ്വഹണം: ഐ.സി.എസ്.സൂപ്പർവൈസർ

<table>
<tr><th rowspan="2">പ്രൊജക്റ്റ്</th><th rowspan="2">ബിൽ/ചെക്ക് നം/തീയതി</th><th rowspan="2">തുക</th><th colspan="2">റിമാർക്സ്</th></tr>
<tr></tr>
<tr><td rowspan="5">12/22 , അംഗനവാടി പോഷകാഹാര പദ്ധതി</td><td rowspan="5">2115055204310041437/ 14.9.21</td><td rowspan="5">7,42,656</td><td colspan="2">പവിത്രം ന്യൂട്രീമിക്സ്, തൃപ്രങ്ങോട്</td></tr>
<tr><td>ഇൻവോയ്സ് നം. / തീയതി</td><td>തുക</td></tr>
<tr><td>045/28.4.21</td><td>129500</td></tr>
<tr><td>043/05.3.21</td><td>251600</td></tr>
<tr><td>047/25.6.21</td><td>251685</td></tr>
</table>

| | | |
|---|---|---|
| | 049/25.7.21 | 79871 |
| | ആകെ | 712656 |

അംഗനവാടി പോഷകാഹാര പദ്ധതി പ്രകാരം പവിത്രം ന്യൂട്രീമിക്സ്, തൃപ്രങ്ങോടിൽ നിന്ന് പട്ടികയിൽ പരാമർശിച്ച4 ഇൻവോയ്സുകൾ പ്രകാരം 7,12,656 രൂപയുടെ ന്യൂട്രീമിക്സ് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സുകൾ പ്രകാരമുള്ള തുക നൽകുന്നതിനു പകരം പട്ടികയിലെ ബില്ല് പ്രകാരം 7,42,656 രൂപ പവിത്രം ന്യൂട്രീമിക്സ്, തൃപ്രങ്ങോട് നൽകിയതായി കാണുന്നു. 30,000 രൂപ അധികം. സബ് വൗച്ചറുകളിൽ മുമ്പ് നൽകാനുള്ള തുകയാണെന്നോ ആയതിന്റെ വിശദവിവരം സഹിതം ചേർക്കുകയോ പിന്നീടുള്ള ബില്ലുകളിൽ അധികം നൽകിയ തുക ക്രമീകരിച്ചതായോ കാണുന്നില്ല.

അധികത്തുക നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 05 /19.01.2022) നൽകിയതിന് തിരുത്തപ്പെട്ട ഇൻവോയ്സ് ഉൾപ്പെടുത്തി ലഭ്യമാക്കിയ മറുപടി പരിഗണിക്കുന്നില്ല. അധികം നൽകിയ തുക ക്രമീകരിക്കുകയോ തിരിച്ചടവാക്കുകയോ ചെയ്യുന്നതുവരെ 30000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-34 ജി.എസ്.ടി.-TDS ഈടാക്കിയില്ല.

നിർവ്വഹണം : ICDS സൂപ്പർവൈസർ

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000രൂപയ്ക്കു മുകളിലാണെങ്കിൽ CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി.TDS നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2%ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്. ന്യൂട്രീമിക്സും മറ്റുൽപ്പന്നങ്ങളും വാങ്ങിയ ഇൻവോയ്സുകൾ പ്രകാരമുള്ള തുക അനുവദിച്ച വേളയിൽ ബാധകമായ 2%നികുതി TDS നടത്തിയതായി കാണുന്നില്ല. ഉദാഹരണം താഴെ കൊടുക്കുന്നു

| പ്രൊജക്ട് | ബിൽ/ചെക്ക് നം/തീയതി | തുക | റിമാർക്സ് | |
|---|---|---|---|---|
| 12/22 , അംഗനവാടി പോഷകാഹാര പദ്ധതി | 21150552043100411437/ 14.9.21 | 7,42,656 | പവിത്രം ന്യൂട്രീമിക്സ്, തൃപ്രങ്ങോട് 7,42,656 | |
| | | | Invoice No.&dt. | Taxable Amount |
| | | | 043/05.3.21 | 238000 |
| | | | 045/28.4.21 | 122500 |
| | | | 047/25.6.21 | 238000 |
| | | | 049/25.7.21 | 75530 |
| | | | ആകെ | 674030 |
| | 21150552043100451754/ 18.9.21 | 7,88,731 | മമത ന്യൂട്രീമിക്സ്, പിടാവനൂർ 4,00,050 | |
| | | | Invoice No.&dt. | Taxable Amount |
| | | | 02/27.4.21 | 64200 |
| | | | 10/05.6.21 | 43800 |
| | | | 17/06.7.21 | 63300 |
| | | | 24/01.8.21 | 69300 |
| | | | 35/11.9.21 | 140400 |
| | | | ആകെ | 381000 |
| | | | ചൈതന്യം ന്യൂട്രീമിക്സ്, അയിരൂർ 3,88,681 | |
| | | | Invoice No.&dt. | Taxable Amount |
| | | | 10/04.5.21 | 77025 |
| | | | 20/07.6.21 | 44850 |

| | |
|---|---|
| 35/07.7.21 | 63375 |
| 50/04.8.21 | 76375 |
| 65/10.9.21 | 108550 |
| ആകെ | 370175 |

നികുതി വിധേയമായ തുകയുടെ 2% ബില്ലുകളിൽ നിന്ന് കുറവു വരുത്തി നികുതി വകുപ്പിൽ ഒടുക്കേണ്ടതായിരുന്നു. സർക്കാർ നിർദ്ദേശത്തിനനുസൃതമായി നികുതി പിടിച്ച് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.25/24.01.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി-ടി.ഡി.എസ് നടത്തി നകുതി വകുപ്പിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 മരുന്ന് ലഭ്യമായിട്ടില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

പി.എച്ച്.സി., പരിരക്ഷ പദ്ധതി,ആയുർവേദ ഡിസ്പെൻസറി എന്നിവയുമായി കെ.എം.എസ്.സി.എൽ, ഔഷധി എന്നീ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | പ്രൊഫോർമ ഇൻവോയ്സ് നം. | ബിൽ / ചെക്ക് നം. | ഇൻവോയ്സ് തുക |
|---|---|---|---|
| 54/22, പി.എച്ച്.സിയിലേയ്ക്ക് മരുന്ന് വാങ്ങൽ | PRF 3028/29.10.21 (KMSCL) | 2115055204286038826/01.2.22 | 3,00,000 |
| 11/22,പരിരക്ഷ | PRF 3223/06.11.21 (KMSCL) | 2115055204280101O789/27.1.22 | 2,50,000 |
| | PRF 7229/22.3.22 (KMSCL) | 2115055204280144O418/24.3.22 | 1,00,000 |
| 80/22, ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 136547/7.8.21 (ഔഷധി) | 2115055204280051542O/07.8.21 | 5,55,000 |
| ആകെ | | | 1205000 |

പ്രസ്തുത പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം തുക ഒടുക്കിയ മരുന്നുകൾ യാതൊന്നും ലഭ്യമായ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ സഹിതം മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 28/24.01.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകൾ സഹിതം മരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-36 പി.എച്ച്.സിയിലേയ്ക്ക് ഇൻവെർട്ടർ വാങ്ങൽ -ടെണ്ടർ നടപടി വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട്: 113/22, പി.എച്ച്.സിയിലേയ്ക്ക് ഇൻവെർട്ടർ വാങ്ങൽ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(ആരോഗ്യം)

ബിൽനം.തീയതി :2115055204280040l167/9.9.21 : 49700

Tax Invoice : 568/12.7.21

പ്രസ്തുത പദ്ധതി പ്രകാരം Nixown Invertor(2.5KVA/24V) , Exide Battery19772000 എന്നിവ ECHO POWER SYSTEM എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

8.11.2010 ലെ GO(P)259/2010/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ 25000 രൂപ മുതലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി .പ്രൊജക്ട് പ്രകാരം വാങ്ങൽ നടത്തിയതിന് സ്വീകരിച്ച ടെണ്ടർ നടപടി വിവരവും കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ 49700 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.
ഓഡിറ്റ് അന്വേഷണങ്ങൾക്ക് (27/24-01-2023) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി - നഷ്ടം 9498 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റ് ചെയ്യതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ അതേ അളവിലാണ് (നീളം, വീതി) ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്നതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| തലൂക്കര പരിയാപാടം റോഡ് ഡ്രൈനേജ് നിർമ്മാണം (168/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)<br>ബിൽ 21150552042601164061/19.2.2022<br>തുക 361027<br>മൂല്യനിർണ്ണയം - 361027<br>സാങ്കേതികാനുമതി 51845/12.8.2020<br>എസ്റ്റി.നമ്പർ -2020/100355<br>കരാർ 50/5.10.2020 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.എം.കിഷോർ കുമാർ<br>അളവ് പുസ്തകം 122/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 8 $M^3$<br>(അധിക ഇനം 2) | 55796.24<br>@6974.53/m $^3$ | 53650.24<br>@6706.28/m$^3$ | 2404<br>(2146+258(12%GST) |
| മനക്കളം ഫുട്പാത്ത് കോൺക്രീറ്റിംഗ് - ഡ്രൈനേജ് നിർമ്മാണം (172/22)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് - JM 4652883/19.2.2022<br>തുക 373192<br>മൂല്യനിർണ്ണയം - 373192<br>സാങ്കേതികാനുമതി 27246/5.6.2020 | 6.195 $M^3$<br>( ഇനം 2) | 43207.21<br>@6974.53/m $^3$ | 41545.40<br>@6706.28/m$^3$ | 1861<br>(1662+199(12%GST) |

| | | | | |
|---|---|---|---|---|
| എസ്റ്റി.നമ്പർ -2020/56369<br>കരാർ 48/5.10.2020 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.എം.കിഷോർ കുമാർ<br>അളവ് പുസ്തകം 66/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| പൂവാംകുളം പുഴംകര ഡ്രൈൻ , ഫുട്പാത്ത് കോൺക്രീറ്റിംഗ് - ഡ്രൈനേജ് നിർമ്മാ ണം (181/22)<br>ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ബിൽ -21150552042601164054/19.2.2022 തുക 211934<br>മൂല്യനിർണ്ണയം - 211934<br>സാങ്കേതികാനുമതി 27247/5.6.2020<br>എസ്റ്റി.നമ്പർ -2020/57200<br>കരാർ 70/23.10.2020 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.എ. ബാലൻ<br>അളവ് പുസ്തകം 65/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 4.167 $M^3$<br>( ഇനം 2) | 29062.87<br>@6974.53/m $^3$ | 27945.06<br>@6706.28/$m^3$ | 1252<br>(1118+134(12%GST) |
| കുട്ടിച്ചാത്തൻപടി മലബാർ റീടാറിംഗ് - ഡ്രൈനേജ് നിർമ്മാണം (110/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)<br>ബിൽ 21150552042601503811/29.3.2022 തുക 935150<br>മൂല്യനിർണ്ണയം - 935150<br>സാങ്കേതികാനുമതി 24509/26.8.2021<br>എസ്റ്റി.നമ്പർ -2021/31244<br>കരാർ 32/23.12.2021 (Tender Below-3.937%)<br>കോൺട്രാക്ടർ. ശ്രീ.ബാലകൃഷ്ണൻ.T<br>അളവ് പുസ്തകം 64/21-22,74/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 1.336 $M^3$<br>( ഇനം 2) | 8951.20<br>@6700 | 8606.84<br>@6442.25 | 385<br>(344+41(12%GST) |
| കരുമത്തിൽ റോഡ് ഡ്രൈനേജ് നിർമ്മാണം (SO263/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)+ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ബിൽ | 5.330 $M^3$<br>( ഇനം 3) | 33312.50<br>@6250 | 32030.26<br>@6009.43 | 1436<br>(1282+154(12%GST) |

| | | | | |
|---|---|---|---|---|
| 2115055204260151477O/30.3.2022<br>തുക 90959<br>ബിൽ -57/30.3.22- 344000<br>മൂല്യനിർണ്ണയം - 434959<br>സാങ്കേതികാനുമതി 75276/14.1.2022<br>എസ്റ്റി.നമ്പർ -2021/82008<br>കരാർ 68/26.2.2022 (Tender Below-20.300%)<br>കോൺട്രാക്ടർ. ശ്രീ.നിസ്സാർ.P<br>അളവ് പുസ്തകം 99/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | | | | |
| മൂക്കിലപീടിക കടപ്പള്ളി റോഡ് ഡ്രൈനേജ് (SO262/22)<br>21150552042601529764/30.3.2022<br>തുക 455859<br>ഫണ്ട് -മെയിന്റനൻസ് ഗ്രാന്റ് (R)<br>മൂല്യനിർണ്ണയം - 455859<br>സാങ്കേതികാനുമതി 69994/31.12.2021<br>എസ്റ്റി.നമ്പർ -2021/82008<br>കരാർ 65/24.2.2022<br>തുക 748311.45(15.10% കുറവ്)<br>കോൺട്രാക്ടർ. ശ്രീ.സജിത്ത്.P<br>അളവ് പുസ്തകം 96/21-22,95/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | 6.397$m^3$<br>(ഇനം 3) | 50163.16<br>@7841.68//$m^3$ | 48233.82<br>@7540.07//$m^3$ | 2160<br>(1929+231(12% GST)) |
| ആകെ | | | | 9498 |

ഓഡിറ്റ് എൻക്വയറി (7 /19.1.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 9149 രൂപ

താഴെ പറയുന്ന പ്രവൃത്തികളിൽ കെട്ടിടത്തിന് മുൻവശത്ത് / മുകളിൽ മേൽക്കൂര നിർമ്മിച്ചപ്പോൾ സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DAR 10.16.1 കോഡ് (MS പൈപ്പ്) പ്രകാരമുള്ള 118.28/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 23.1.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DAR 50.10.2 കോഡ് പ്രകാരമുള്ള 106.88/kg രൂപയാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

| പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| ഹോമിയോ ഡിസ്പൻസറി ഷീറ്റിടൽ<br>പ്രോജക്റ്റ് നം - SO164/22<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>എം. ബുക്ക് - 125/20-21<br>കരാർ - 108/12.2.21 (Estimate Rate) | 251.89 Kg X 118.28/kg = 29793.55<br>(അളവ് പുസ്തകം ഇനം 9) | 251.89 Kg Kg X 106.88/kg = 26922 | 3216<br>(2872+12 GST) |

| | | | |
|---|---|---|---|
| മൂല്യനിർണ്ണയം - 503751<br>ബിൽ -21150552042600937037/12.1.22-503751<br>കരാറുകാരൻ - സലീം.P<br>Cost Index -31.06% (DAR 2016)<br>TS No.- 76573/13.10.20<br>Esti. No.- 2020/118204 | | | |
| 101 ാം നമ്പർ അംഗൻവാടി റിപ്പയർ<br>പ്രോജക്റ്റ് നം - SO103/22<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>എം. ബുക്ക് - 103/20-21<br>കരാർ - 58/23.10.20 (Estimate Rate)<br>മൂല്യനിർണ്ണയം - 175703<br>ബിൽ -21150552042600211060/1.7.21-175703<br>കരാറുകാരൻ - ശ്രീജിത്ത്.K<br>Cost Index -31.06% (DAR 2016)<br>TS No.- 73937/4.10.20<br>Esti. No.- 2020/118231 | 464.62 Kg X 118.28/kg = 54955.25<br>(അളവ് പുസ്തകം ഇനം 9) | 464.62 Kg Kg X 106.88/kg = 49658.58 | 5933<br>(5297+12 GST) |
| ആകെ | | | 9149 |

ഓഡിറ്റ് എൻക്വയറി (22 /24.1.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളിൽ അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1288000 | 47/22 -സമഗ്ര നെൽകൃഷി വികസനം | 1288000 | 0 |
| | 1000000 | 28/2022<br>ലൈഫ് ഭവന പദ്ധതി(എസ്. സി) | 1000000 | 0 |
| | 400000 | 15/2022<br>ലൈഫ് ഭവന പദ്ധതി(ജനറൽ) | 400000 | 0 |
| | 63500 | 39/2022 ഭിന്നശേഷികാർക്ക് സ്കോളർഷിപ്പ് | 63500 | 0 |

| | | | | |
|---|---|---|---|---|
| ആകെ | 2751500 | | 2751500 | 0 |
| ജില്ലാ പഞ്ചായത്ത് | 320000 | 15/2022 ലൈഫ് ഭവന പദ്ധതി(ജനറൽ) | 320000 | 0 |
| | 700000 | 39/2022 ഭിന്നശേഷികാർക്ക് സ്കോളർഷിപ്പ് | 700000 | 0 |
| | 200000 | 13/2022 പാലിന് സബ്സിഡി | 200000 | |
| ആകെ | 1220000 | | 1220000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 43/2022, വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | Ch.No.4588815/02.11.2021-- 57363/-<br>Ch.No.5895813/20.01.22 - 29009/-<br>Ch.No.17056/ 05.08.21 - 5111/-<br>വൗച്ചർ നം. 52101103/ 27.03.22 - 11598/- | 103081/- | -- | ലഭ്യമാക്കിയിട്ടില്ല | 103081/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന പദ്ധതി-KURDFC | ലഭ്യമല്ല | 1760000 | 14903271 | 1892000 | 14771271 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3(1) | 2006-07 | -- | തയ്യൽ മെഷീൻ കുറഞ്ഞ നിരക്ക് സ്വീകരിച്ചില്ല<br>31520 രൂപ | നടപടി തുടരുന്നു |
| 1998-99 | 3(9) | 2007-08 | -- | വൗച്ചറുകൾ ഹാജരാക്കിയില്ല | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2(4) | 2016-17 | -- | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | നടപടി തുടരുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2008-09 | 2-1<br>2-3b<br>2-3a<br>2-2<br>3-1a<br>3-1b<br>3-2<br>3-8 | P.Haridasan | LF10423/sp.cell/<br>ScD1/12/15.6.15<br>LF10423/sp.cell/<br>ScD1/12/16-7-14<br>LF10423/sp.cell/<br>ScD1/12/16-7-14 | 2890<br>1140<br>150<br>2333<br>40000<br>30000<br>45520<br>5000 | | | | | | 2890<br>1140<br>150<br>2333<br>40000<br>30000<br>45520<br>5000 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 115457470 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101435898 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18647 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1765352 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 9498 | ശ്രീമതി. സിന്ധു പി.എ ,അസിസ്റ്റന്റ് എഞ്ചിനീയർ (4749)<br>ശ്രീമതി. സാജിദ.എ,അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | (4749) |
| 3-2 | | 9149 | ശ്രീമതി. സിന്ധു പി.എ ,അസിസ്റ്റന്റ് എഞ്ചിനീയർ (4574.5)<br>ശ്രീമതി. സാജിദ.എ,അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ (4574.5) |
| ആകെ | | 18647 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 35400 | ശ്രീ. അബ്ബാസ് പി പി,സെക്രട്ടറി |
| 1-19 | 103081 | ശ്രീ. അബ്ബാസ് പി പി, സെക്രട്ടറി -97970 |
| | | ശ്രീ. സുമേഷ് കെ, സെക്രട്ടറി -5111 |
| 1-21 | 1547171 | ശ്രീ. സുമേഷ് കെ, സെക്രട്ടറി-653000 |
| | | ശ്രീ. അബ്ബാസ് പി പി, സെക്രട്ടറി-894171 |
| 1-33 | 30000 | ശ്രീമതി. റംലത്ത് ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-35 | 49700 | ഡോ. മുബാറക്ക് നദീർ ,മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) |
| ആകെ | 1765352 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സിന്ധു പി.എ ,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>അന്നമനട ഗ്രാ.പ<br>തൃശ്ശൂർ | മേലെപ്പാട്ടിൽഹൌസ്<br>കെ.കെ റോഡ്<br>ചാലക്കുടി<br>പിൻ-680307 |
| ശ്രീമതി. സാജിദ.എ,അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ<br>LSGD സബ് ഡിവിഷൻ<br>വെട്ടിക്കാവള ബ്ലോ.പ | 'ഫിർഡൌസ്'<br>Near CT Junction<br>TKMC (PO)<br>കാരിക്കോട്<br>പിൻ -691005 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.എം.7/326 തീയതി: 05.01.91 | 1 |
| 1985-86 | എൽ.എഫ്.എം.7/1204/90 തീയതി: 03.04.91 | 3 |
| 1986-87, 1987-88 | എൽ.എഫ്.എം.7/341/92 തീയതി: 30.07.92 | 2 |
| 1997-98 | എൽ.എഫ്.എം.7/246/06 തീയതി: 03.11.2010 | 4 |
| 1998-99 | എൽ.എഫ്.എം.7/1836/06 തീയതി: 03.11.2010 | 22 |
| 1999-2000 | എൽ.എഫ്.എം.14/577/08 തീയതി: 05.10.10 | 3 |
| 2000-2001 | എൽ.എഫ്.എം.14/578/08 തീയതി: 5.10.10 | 11 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.എം.14/579/08 തീയതി: 5.10.10 | 8 |
| 2002-03 | എൽ.എഫ്.എം.14/580/08 തീയതി: 5.10.10 | 2 |
| 2003-04 | എൽ.എഫ്.എം.14/581/08 തീയതി: 5.10.10 | 11 |
| 2004-05 | കെ.എസ്.എ.എം.പി.എം.17/325/22(1) തീയതി: 29.09.2022 | 10 |
| 2005-06 | കെ.എസ്.എ.എം.പി.എം.17/325/22(2) തീയതി: 29.09.2022 | 9 |
| 2006-07 | കെ.എസ്.എ.എം.പി.എം.17/325/22(3) തീയതി: 29.09.2022 | 4 |
| 2007-08 | കെ.എസ്.എ.എം.പി.എം.17/325/22(4) തീയതി: 29.09.2022 | 11 |
| 2008-09 | കെ.എസ്.എ.എം.പി.എം.17/325/22(5) തീയതി: 29.09.2022 | 10 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.17/325/22(6) തീയതി: 29.09.2022 | 9 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/325/22(7) തീയതി: 29.09.2022 | 8 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം.17/325/22(8) തീയതി: 29.09.2022 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം..17/21/2017 തീയതി: 20-02-18 | 13 |
| 2016-17 | കെ.എസ്.എ.എം.പി.എം.17/2037/2017 തീയതി: 09-07-18 | 20 |
| 2017-18 | കെ.എസ്.എ.എം.പി.എം.17/577/2019 തീയതി: 30.03.2019 | 11 |
| 2018-19 | കെ.എസ്.എ.എം.പി.എം.17/1743/2020 തീയതി: 22.02.2021 | 10 |
| 2019-20 | കെ.എസ്.എ.എം.പി.എം.17/2144/2021 തീയതി: 26.08.2022 | 10 |
| 2020-21 | കെ.എസ്.എ.എം.പി.എം.17/2145/2021 തീയതി: 26.08.2022 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്